"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയം ഭരണ വകുപ്പ്- ലൈസൻസ്ഡ് സൂപ്പർവൈസർമാർ, എഞ്ചിനീയർമാർ എന്നിവരുടെ ലൈസൻസ് കാലാവധി നവംബർ 30 വരെ നീട്ടി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.1808/2023/LSGD   തീയതി,തിരുവനന്തപുരം, 13-09-2023

---

**<u>ഉത്തരവ്</u>**

തദ്ദേശസ്വയംഭരണ വകുപ്പിലേയ്ക്കുള്ള പ്ലാനുകളും മറ്റും തയ്യാറാക്കുന്ന ലൈസൻസ്ഡ് സൂപ്പർവൈസർമാർ, എഞ്ചിനിയർമാർ ഇവരുടെ രജിസ്ട്രേഷനും എംപാനൽമെന്റും നടത്തുന്നത് ജില്ലാ അധികാരിയായ ജോയിന്റ് ഡയറക്ടർമാരാണ്. നേരത്തെ ഈ ഉത്തരവാദിത്വം നിറവേറ്റിയിരുന്നത് മൂന്ന് മേഖലാ ജോയിന്റ് ഡയറക്ടർമാരാണ്.നിലവിൽ ലൈസൻസുകൾ പുതുക്കുന്നതിന് ജോയിന്റ് ഡയറക്ടർമാർക്ക് അപേക്ഷകൾ നൽകുമ്പോൾ ബന്ധപ്പെട്ട ഫയൽ മുമ്പുണ്ടായിരുന്ന മേഖലാ ഓഫീസുകളിൽനിന്നും ജില്ലകളിലേയ്ക്ക് ലഭിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നതായും ഇത് കാരണം പലരുടേയും ലൈസൻസ് കാലാവധി ഇല്ലാതാകുന്നതായും സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2021 ഏപ്രിൽ ഒന്നിനും അതിനുശേഷവും കാലാവധി കഴിഞ്ഞതും കാലാവധി ഇല്ലാതാകുന്നതുമായ, തദ്ദേശ സ്വയംഭരണ വകുപ്പിലെ ലൈസൻസ്ഡ് സൂപ്പർവൈസർമാർ, എഞ്ചിനീയർമാർ എന്നിവരുടെ ലൈസൻസ് കാലാവധി 2023 നവംബർ 30 വരെ നീട്ടി നൽകിയും ഭാവിയിൽ ഇത്തരം ലൈസൻസുകളുടെ പുതുക്കൽ കെ-സ്മാർട്ട് വഴി നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അനിൽ കുമാർ ജി

അഡിഷണൽ സെക്രട്ടറി

പകർപ്പ്:-

പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

തദ്ദേശസ്വയംഭരണ വകുപ്പിലെ എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ,തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Sonu Jacob

Date: 13-09-2023 11:25:32

സ.ഉ.(സാധാ) നം.1808/2023/LSGD

സെക്ഷൻ ഓഫീസർ